# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2260 09.03.2018 - ലെ മറുപടിയ്ക്ക്

### ചികിത്സ ലഭിക്കാതെ മരണം

| ചോദ്യം<br>ശ്രീ. എ.പി.അനിൽകുമാർ | | മറുപടി<br>ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
|---|---|---|---|
| എ) | മലപ്പുറം ജില്ലയിലെ നിലമ്പൂർ പൂക്കോട്ടുംപാടം, ചേലോട്ട് കോളനിയിൽ കണ്ടൻ എന്ന ആദിവാസി ചികിത്സ ലഭിക്കാതെ കോഴിക്കോട് മെഡിക്കൽ കോളേജിൽ മരിച്ച സംഭവത്തിൽ അന്വേഷണം നടത്തിയോ; | എ) | പൂക്കോട്ടുംപാടം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 45/18 u/s 174 CrPC ആയി കേസ് രജിസ്റ്റർ ചെയ്ത് നിലവിൽ അന്വേഷണം നടത്തിവരുന്നു. |
| ബി) | തെങ്ങിൽ നിന്ന് വീണ് ഗുരുതരമായി പരിക്കേറ്റ് ആശുപത്രിയിലെത്തിച്ച കണ്ടനെ സഹായിക്കുവാൻ ആദിവാസി പ്രൊമോട്ടർമാർ ആരും ഉണ്ടായിരുന്നില്ല എന്നത് ഗൗരവമായി എടുത്തിട്ടുണ്ടോ; എങ്കിൽ ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ? | ബി) | തെങ്ങിൽ നിന്ന് വീണ് ഗുരുതരമായി പരിക്കേറ്റ് നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ഹെൽത്ത് പ്രൊമോട്ടർമാരുടെ സഹായത്തോടെ പ്രവേശിപ്പിക്കപ്പെട്ട കണ്ടന് നിലമ്പൂർ ജില്ലാ ആശുപത്രിയിൽ പ്രാഥമിക ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. വിദഗ്ധ ചികിത്സയ്ക്കായി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്ക് റഫർ ചെയ്യപ്പെട്ട ടിയാനെ യഥാസമയം ആശുപത്രിയിൽ എത്തിക്കുകയും മെഡിക്കൽ |

| | | | |
|---|---|---|---|
| | | | കോളേജ് ആശുപത്രിയിൽ കണ്ടന് ആവശ്യമായ ചികിത്സാ സഹായം ലഭിക്കുന്നതിന് കോഴിക്കോട് പട്ടികവർഗ്ഗ വികസന ഓഫീസറുടെ പരിധിയിൽ പ്രവർത്തിക്കുന്ന ഹെൽത്ത് പ്രൊമോട്ടർമാർ ആവശ്യമായ സഹായം ചെയ്യുകയും ചെയ്തിട്ടുണ്ട്. ശ്രീ. കണ്ടന്റെ മരണവാർത്ത അറിഞ്ഞതിനു ശേഷം കോഴിക്കോട് പട്ടികവർഗ്ഗ വികസന ഓഫീസർ രാത്രി തന്നെ കോഴിക്കോട് എം.സി.എച്ച്-ൽ എത്തി ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും നിലമ്പൂർ ഐ.ടി.ഡി.പി ഓഫീസർ പോസ്റ്റ്മോർട്ടം ചെയ്ത കണ്ടന്റെ മൃതദേഹം മറവ് ചെയ്യുന്നതിനാവശ്യമായ ക്രമീകരണം നടത്തുകയും മരണാനന്തര ചടങ്ങുകൾക്ക് 3,500/-രൂപയും കണ്ടന്റെ ഭാര്യ ശ്രീമതി. മാതിയ്ക്ക് അടിയന്തര ധനസഹായമായി 25,000/-രൂപ (ഇരുപത്തി അയ്യായിരം രൂപ മാത്രം) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**